

# ഊരകം
# സെന്റ് ജോസഫ്സ് ഇടവക

ഇരിങ്ങാലക്കുട ടൗണിൽ നിന്ന് 4 കി.മീ. തെക്ക്-കിഴക്ക് ഭാഗത്തായി സ്ഥിതിചെയ്യുന്ന ഒരു ഗ്രാമമാണ് ഊരകം. ഏകദേശം 140 വർഷങ്ങൾക്കുമുമ്പ് 43 കുടുംബം ചേർന്ന് ഒരു എഴുത്തുപള്ളിക്കൂടമായി ആരംഭിച്ച സംരംഭമാണ് ഇന്ന് 300 കുടുംബം അടങ്ങുന്ന ഊരകത്തിന്റെ അഭിമാനമായി നിലകൊള്ളുന്ന സെന്റ് ജോസഫ്സ് ദേവാലയവും ഇടവക സമൂഹവും. നീതിമാനും അത്ഭുതപ്രവർത്തകനുമായ വി. യൗസേപ്പിതാവിന്റെ തിരുന്നാൾ വർഷംതോറും ഊട്ടുതിരുന്നാളായി, ഈസ്റ്റർ കഴിഞ്ഞുവരുന്ന മൂന്നാം ഞായറാഴ്ച കൊണ്ടാടിവരുന്നു.

## കുരിശുപള്ളി

1866-ൽ ഊരകം ഗ്രാമത്തിലെ മുള്ളൻകുഴിപറമ്പിൽ ഓലമേഞ്ഞ ഒരു ഷെഡിൽ എഴുത്ത് പള്ളിക്കൂടത്തിന് തുടക്കം കുറിച്ചു. പിന്നീട് 40-ാം വർഷത്തിൽ കൊച്ചി ദിവാൻ മുമ്പാകെ മുള്ളൻകുഴിപറമ്പിൽ ഒരു ദേവാലയം പണിയുന്നതിനുള്ള അനുവാദത്തിനായി സമർപ്പിച്ച ഹർജിപ്രകാരം 20.5.1905-ന് ഊരകം മുറിയിൽ 54-ാം നമ്പർ പാണ്ടികശ്ശാല പറമ്പിന്റെ പള്ളിക്കൂടം നിന്ന സ്ഥലത്ത് ദേവാലയം പണിയുന്നതിനുള്ള അനുമതി ലഭിച്ചു. 19.4.1910-ന് ഊരകം പ്രാർത്ഥനാലയത്തിനുവേണ്ടി സമർപ്പിച്ച നിവേദനപ്രകാരം 2372-ാം നമ്പർ കല്പന വഴി 22.4.1910 മുതൽ 2 വണക്കമാസങ്ങളും (വി. യൗസേപ്പിതാവിന്റെയും പരി. മാതാവിന്റെയും) കാലംകൂടുന്ന ദിവസങ്ങളിൽ ലദീഞ്ഞും, പാട്ടുകുർബാനയും നടത്തുവാൻ ഊരകം പ്രാർത്ഥനാലയത്തിന് തൃശ്ശൂർ വികാരിയത്തിൽ നിന്ന് അനുമതി കിട്ടി. അക്കാലത്ത് ചിറ്റിലപ്പിള്ളി പൊഴോലിപറമ്പിൽ ബഹു. പൗലോസച്ചൻ ചേലൂർ പള്ളി വികാരിയായി സ്ഥാനമേറ്റെങ്കിലും ഊരകത്ത് ഒരു ദേവാലയം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുവാൻ അദ്ദേഹം നേതൃത്വം നല്കി. പള്ളിഭരണത്തിൽ നിന്നും വിരമിച്ച ബഹു. പൗലോസച്ചൻ സ്വന്തം നാടായ ഊരകത്ത് നിർമ്മിച്ച ബംഗ്ലാവിൽ താമസമാക്കി. തൊട്ടടുത്ത ഊരകം പ്രാർത്ഥനാലയത്തിൽ ദിവസവും ദിവ്യബലി അർപ്പിക്കുവാനുള്ള അനുമതി നേടിയെടുത്തു. തുടർന്ന് ഊരകം പ്രാർത്ഥനാലയം വി. യൗസേപ്പിതാവിന്റെ നാമധേയത്തിലുള്ള ഒരു ദേവാലയമായി. വിശുദ്ധന്റെ തിരുന്നാൾ നടത്തുന്നതിനും, തിരുസ്വരൂപം സ്ഥാപിക്കുന്നതിനും വേണ്ടി 15.3.1915-ന് സമർപ്പിച്ച ഹർജിക്ക് കേവലം 2 ദിവസത്തിനകം അന്നത്തെ വികാരി അപ്പസ്തോലിക്കയായിരുന്ന മേനാച്ചേരി മാർ യോഹന്നാൻ തിരുമേനിയിൽ നിന്ന് അനുവാദം ലഭിച്ചു.

## വൈദികമന്ദിരം

സമുദായാംഗങ്ങൾ തുടർന്ന് നടത്തിയ

പരിശ്രമഫലമായി അഭിവന്ദ്യ ഫ്രാൻസിസ് വാഴപ്പിള്ളി മെത്രാനച്ചൻ തിരുമനസ്സുകൊണ്ട് 1924 ജൂൺ മാസത്തിൽ ഊരകം കുരിശുപള്ളിയിലെ തിരുനാൾ ദിവസങ്ങൾ ഞായറാഴ്ചയാണെങ്കിൽ രണ്ട് കുർബാന ചൊല്ലുന്നതിന് അവിട്ടത്തൂർ വികാരിയെ ചുമതലപ്പെടുത്തി. സാമ്പത്തിക ബാധ്യതകൾ നേരിട്ടപ്പോൾ പരേതനായ ബഹു. പൗലോസച്ചന്റെ ബംഗ്ലാവ് വിറ്റുകിട്ടിയ സംഖ്യയിൽ നിന്ന് അച്ചന്റെ അവകാശികൾ കുരിശുപള്ളിക്ക് 1000 രൂപ സംഭാവനയായി നല്കി. ക്രമേണ പള്ളിയുടെ സാമ്പത്തികശേഷി ഉയർന്നു. തുടർന്ന് ഒരു വൈദിക മന്ദിരവും പണിതീർത്തു.

ദിനംപ്രതിയെന്നോണം അനുഗ്രഹദാനങ്ങൾക്കായി ഭക്തജനങ്ങളുടെ വരവും വർദ്ധിച്ചു. ഭക്തജനങ്ങളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ഇരുവശത്തേയ്ക്കും കൈനീട്ടുകൾ (Wing) പണിയുകയും, നടവാതിൽ വെട്ടിവെച്ച് നടപ്പുരയുടെ അറ്റംവരെ ദൃശ്യസൗകര്യം ഒരുക്കുകയും ചെയ്തതിനാൽ ആരാധനാസൗകര്യമുള്ള ഒരു കൊച്ചുദേവാലയമായി മാറി. വിശുദ്ധ യൗസേപ്പിതാവിനോടുള്ള ഭക്തി വളർത്തുന്നതിന് സഹായിക്കുമാറ് അന്നത്തെ അവിട്ടത്തൂർ പള്ളി വികാരി ബഹു. സെബാസ്റ്റ്യൻ തേർമഠം അച്ചൻ (1957-58) എല്ലാ ബുധനാഴ്ചയും ദിവ്യബലിയും, നൊവേനയും ആരംഭിച്ചു.



വൈദിക മന്ദിരവും ഓഫീസും

## പുതിയ ദേവാലയം

കാലം പിന്നിട്ടപ്പോൾ ദേവാലയത്തിന് കൂടുതൽ സ്ഥലസൗകര്യം ആവശ്യമായി. ആധുനിക രീതിയിലുള്ള ഒരു ദേവാലയം എന്ന ആഗ്രഹം ഉദിച്ചു. യോഗനിശ്ചയപ്രകാരം പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി രൂപതയിൽനിന്ന് അംഗീകാരം ലഭിച്ചു. വികാരി ബഹു. ലാസർ പൊറത്തൂരച്ചന്റെ നേതൃത്വത്തിൽ പഴയപള്ളി പൂർണ്ണമായും പൊളിച്ചുനീക്കി. പുതിയ ദേവാലയത്തിന്റെ കല്ലിടൽ കർമ്മം തൃശ്ശൂർ രൂപതയുടെ അഭിവന്ദ്യ മെത്രാൻ മാർ ജോസഫ് കുണ്ടുകുളം തിരുമേനി നിർവ്വഹിച്ചു.

113 വർഷത്തെ നിരന്തര പ്രാർത്ഥനകൾക്ക് പ്രത്യുപകാരമായി വിശുദ്ധ യൗസേപ്പിതാവിന്റെ നാമധേയത്തിൽ വൃത്താകൃതിയിലുള്ള ഇന്നത്തെ ദേവാലയം വലിയ തിരുന്നാൾ ദിവസമായ 27.4.1980-ൽ ഇരിങ്ങാലക്കുട മെത്രാൻ മാർ ജെയിംസ് പഴയാറ്റിൽ തിരുമേനി ആശീർവദിച്ച് ഊരകം ജനങ്ങൾക്ക് നല്കുകയുണ്ടായി.

## ഇടവക, സ്ഥിരവാസമുള്ള വികാരി

അവിട്ടത്തൂരിൽ നിന്ന് പിരിഞ്ഞ് ഊരകംപള്ളി ഇടവകയായി തീർന്നത് 20.12.1981-ൽ ആണ്. ഇരിങ്ങാലക്കുട രൂപതയിലെ 90-ാമത്തെ സ്വതന്ത്രഇടവകയായി അവിട്ടത്തൂർ ഇടവകയിലെ 161 കുടുംബങ്ങളെ ഉൾക്കൊള്ളിച്ച് 20.12.1981-ൽ ഇരിങ്ങാലക്കുട മെത്രാൻ മാർ ജെയിംസ് പഴയാറ്റിൽ തിരുമേനി ഊരകം പള്ളിയെ ഇടവകയായി പ്രഖ്യാപിച്ചു. അവിട്ടത്തൂർ വികാരിയായിരുന്ന ബഹു. ജോസ് യു. വാഴപ്പിള്ളി അച്ചനായിരുന്നു പ്രഥമ വികാരി. തുടർന്ന് 13.2.1982-ൽ ബഹു. സിറിയക് അമ്പൂക്കൻ അച്ചനെ സ്ഥിരതാമസമുള്ള വികാരിയായി നിയമിക്കുകയും ചെയ്തു.

## പാരിഷ്ഹാൾ

8.8.1990-ൽ സിമിത്തേരിയിലെ പുതിയ കപ്പേളയുടെ വെഞ്ചരിപ്പുകർമ്മം അഭിവന്ദ്യ രൂപതാദ്ധ്യക്ഷൻ മാർ ജെയിംസ് പഴയാറ്റിൽ നിർവ്വഹിച്ചു. 15.8.1994-ൽ പാരിഷ് ഹാളിന്റെ ആശീർവാദകർമ്മവും രൂപതയുടെ അഭിവന്ദ്യപിതാവ് നിർവ്വഹിക്കുകയുണ്ടായി.

മഹാജൂബിലി സ്മാരകമായി 15.10.2002-ൽ സ്ഥാപിതമായിട്ടുള്ള വി. അന്തോണീസിന്റെ കപ്പേള ഈ ഇടവക മധ്യത്തിൽ സ്ഥിതിചെയ്യുന്നു. കൂടാതെ, ഇടവകയുടെ ദേവാലയത്തിന്റെ മുൻവശത്ത് വി. പൗലോസ് ശ്ലീഹായുടെ 1969-ൽ സ്ഥാപിച്ച ഒരു സ്തംഭം ബഹു. പൗലോസ് ചിറ്റിലപ്പിള്ളി അച്ചന്റെ 50-ാം ചരമവാർഷികത്തിന്റെ പാവനസ്മരണയായി നിലകൊള്ളുന്നു.



വി. പൗലോസ് ശ്ലീഹായുടെ സ്തംഭം



വി.അന്തോണീസിന്റെ കപ്പേള



പാരിഷ് ഹാൾ



പഴയ പള്ളി



കോൺവെന്റ്

8.4.2005-ന് വെള്ളിയാഴ്ച - 2005 ലെ വലിയ തിരുന്നാളിന്റെ കൊടികയറ്റദിവസം പുനർനിർമ്മിച്ച മദ്ബഹായുടേയും, പുതിയതായി സ്ഥാപിച്ച അൾത്താരയുടേയും വെഞ്ചരിപ്പുകർമ്മം ഇരിങ്ങാലക്കുട ബിഷപ്പ് മാർ ജെയിംസ് പഴയാറ്റിൽ നിർവ്വഹിക്കുകയും ദിവ്യബലി അർപ്പിക്കുകയും ചെയ്തു.

300 കുടുംബങ്ങളുള്ള വിശ്വാസതീക്ഷ്ണതയുള്ള ഒരു ഇടവക സമൂഹമാണ് ഇന്ന് ഊരകം ഇടവക. റവ. ഫാ. ജോസ് പുല്ലൂപറമ്പിലാണ് ഇപ്പോഴത്തെ വികാരി.

## കോൺവെന്റ്

ഇറ്റലിയിലെ സന്യാസസമൂഹമായ Daughters of Divine Providence-ന്റെ ഒരു കോൺവെന്റ് താല്കാലിക ഭവനത്തിൽ ഈ ഇടവകയുടെ പരിധിയിൽ 2006 രജത ജൂബിലിവർഷത്തിൽ സ്ഥാപിതമായി. കോൺവെന്റിനുവേണ്ടിയുള്ള പുതിയ കെട്ടിടം പൂർത്തിയായപ്പോൾ 2009 മെയ് 12 ന് മാർ ജെയിംസ് പഴയാറ്റിൽ ആശിർവദിച്ചു.